DESPATCHED
On. 21/12/21

S-2011
10/11/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

ഹർജി നമ്പർ **AP.No.1593(5)/18/SIC**

തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No. 7263/SIC-G7/2018**

സന്നിഹിത

ശ്രീമതി ശ്രീലതപി.ആർ.,സംസ്ഥാന വിവരാവകാശ കമ്മീഷണർ

**ശ്രീ.എം.സി ബാബു,**
**കൗസ്തുഭം,**
**കെ.പി നം. 19/69–ബി,**
**എ.കെ.ആർ.എ –115 എ,**
**അയ്യപ്പൻകുഴി, പള്ളിമുക്ക്,**
**കല്ലയം പി.ഒ,**
**തിരുവനന്തപുരം.** } **അപ്പീൽ ഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**കേരള സംസ്ഥാന പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ,**
**ജില്ലാ ഓഫീസ്, ആലപ്പുഴ.**

**അപ്പീൽ അധികാരി & മാനേജിംഗ് ഡയറക്ടർ,**
**കേരള സംസ്ഥാന പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ,**
**ടൗൺ ഹാൾ റോഡ്, തൃശ്ശൂർ – 20.** } **എതിർകക്ഷി**

**ഉത്തരവ്**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 03.04.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 17.04.2018 |
| ഒന്നാം അപ്പീൽ | 09.05.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 11.06.2018 |
| രണ്ടാം അപ്പീൽ | 09.07.2018 |
| ഹിയറിംഗ് തീയതി, സ്ഥലം | 23.07.2021, (ഓഡിയോ ഹിയറിംഗ്) |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരി | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

1. അപ്പീൽഹർജിക്കാരൻ എസ്.പി.ഐ.ഒയോട് ആവശ്യപ്പെട്ടത്, എതിർകക്ഷിയുടെ ഓഫീസിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി സി.പി. ശ്രീജയ എന്ന ആൾ 06.02.2018 ൽ രേഖാമൂലം അവധിക്കു അപേക്ഷ നൽകിയോ, എത്ര ദിവസത്തേക്കാണ് അവധിക്ക് അപേക്ഷിച്ചത്, ഏതുതരം അവധിക്കു വേണ്ടിയാണ് അപേക്ഷ നൽകിയത്, ടി കക്ഷി അവധിക്ക് അപേക്ഷ നൽകുമ്പോൾ ജില്ലാ മാനേജർ ഓഫീസിൽ ഉണ്ടായിരുന്നോ ഇല്ലെങ്കിൽ വിവരം നൽകുക, മാനേജർ ഇല്ലായിരുന്നു എങ്കിൽ അവധി അപേക്ഷ ആരുടെ കൈവശം നൽകണം എന്നിങ്ങനെയുള്ള 17 വിവരങ്ങളാണ്.
2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും വ്യക്തമായ വിവരം ലഭിക്കാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. 23.07.2021 തീയതി നടന്ന ഹിയറിംഗിൽ അപ്പീൽഹർജിക്കാരനും എതിർകക്ഷിയും ഹാജരായിരുന്നു.
3. അപ്പീൽഹർജിക്കാരന്റെ 03.04.2018 തീയതിയിലെ വിവരാവകാശ അപേക്ഷയ്ക്ക് 17.04.2018 ൽ മറുപടി നൽകി എന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഭൂരിപക്ഷ പൊതുജന താല്പര്യമില്ലാത്തതും വ്യക്തി വിവരത്തിൻ കീഴിൽ വരുന്നതും അന്വേഷണ നടപടിയിൽ ഇരിക്കുന്നതുമാകയാൽ വെളിപ്പെടുത്താൻ കഴിയില്ല എന്ന് ടിയാനെ അറിയിച്ചിരുന്നു എന്നാണ് എസ്.പി.ഐ.ഒ കമ്മീഷനെ അറിയിച്ചത്.
4. മേപ്പടി അപേക്ഷയിൽ ആവശ്യപ്പെട്ട 17 ചോദ്യങ്ങൾക്കും വിവരം ലഭ്യമായിട്ടില്ല എന്നും ആയതുകൊണ്ട് തന്നെ വിവരങ്ങൾ ലഭ്യമാക്കണം എന്നുമാണ് അപ്പീൽഹർജിക്കാരൻ കമ്മീഷന് മൊഴി നൽകിയത്.
5. അപ്പീൽഹർജിയും മറ്റ് അനുബന്ധരേഖകളും എസ്.പിഐ.ഒയുടെ മൊഴിയും പരിശോധിക്കുമ്പോൾ, ഒന്നാം അപ്പീൽ അധികാരി വിവരം നൽകിയതിൽ നിന്നും എസ്.പി.ഐ.ഒയ്ക്ക് നൽകാൻ കഴിയുന്ന വിവരം ആയിരുന്നു എന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടു. ഒന്നാം എതിർകക്ഷി വിവരം നിഷേധിച്ചു കൊണ്ട് മറുപടി നൽകുകയും എന്നാൽ ഒന്നാം അപ്പീലിൽ മറുപടി നൽകിയിട്ടുള്ളതായും കാണുന്നു. പ്രസ്തുത മറുപടി തൃപ്തികരമല്ല എന്നാണ് അപ്പീൽഹർജിക്കാരൻ കമ്മീഷനെ അറിയിച്ചത്. മേൽ സാഹചര്യത്തിൽ 03.04.2018 തീയതിയിലെ വിവരാവകാശ അപേക്ഷ ഒരിക്കൽ കൂടി പരിശോധിച്ച് വ്യക്തവും പൂർണ്ണവുമായ മറുപടി ഈ ഉത്തരവ് കിട്ടി 7 ദിവസത്തിനുള്ളിൽ സൗജന്യമായി നൽകുവാൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.
6. അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് വിവരം നിഷേധിച്ച എസ്.പി.ഐ.ഒയുടെ നടപടി വിവരാവകാശ നിയമത്തിന്റെ ലംഘനവും ഗുരുതര വീഴ്ചയുമായി കമ്മീഷൻ വിലയിരുത്തുന്നു. ഇപ്രകാരം വീഴ്ചവരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20 (1) പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താൽക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യ

ത്തിൽ ടി എതിർകക്ഷിയ്ക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

7. ഇപ്രകാരം ഈ അപ്പീൽഹർജി ഇന്നേദിവസം 2021 നവംബർ മാസം 10 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി